(ബി) സുനാമിക്കുമുൻപും കഴിഞ്ഞ ഏതാനും വർഷങ്ങളിലായി രൂക്ഷമായ കടലാക്രമണം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ഫിർമ പഠനം നടത്തിയിട്ടില്ല.

(സി) സംസ്ഥാനത്തുള്ള തീരദേശങ്ങൾക്ക് അനുയോജ്യമായ രീതിയിൽ കണ്ടൽകാടുകൾ വച്ചുപിടിപ്പിക്കുന്ന ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം കണ്ണൂരിലെ ചൂട്ടാട് കടപ്പുറത്തും, എറണാകുളം ജില്ലയിലെ എളംകുന്നപ്പുഴ, ഉദയംപേരൂർ, കുമ്പളങ്ങി, ചേന്ദമംഗലം, പള്ളിപ്പുറം എന്നീ പഞ്ചായത്തുകളിലുമാണ് തീരദേശ. കണ്ടൽ വനവൽക്കരണം നടത്തി വരുന്നത്. കൂടാതെ സംസ്ഥാനത്തെ തീരദേശ ജില്ലകളിൽ 10 സ്ഥലങ്ങളിൽക്കൂടി പൈലറ്റ് പ്രോജക്ട് അടിസ്ഥാനത്തിൽ കണ്ടൽകാടുകൾ വച്ചുപിടിപ്പിക്കുന്ന ഒരു പദ്ധതി ഉടനെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുതിയ ഫിഷറീസ് റോഡുകൾ

120 [1953] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ പുതിയ ഫിഷറീസ് റോഡുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ കാസറഗോഡ് ജില്ലയിൽ ഏതൊക്കെ റോഡുകളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. പടന്ന-മാവിലെ കടപ്പുറം റോഡ്

2. പടന്ന- തെക്കേക്കാട് ദ്വീപിൽ റോഡ്

3. പടന്ന- വടക്കേക്കാട് ദ്വീപിൽ റോഡ്

4. കടബ-പള്ളം റോഡും പാലവും

5. ഷിറിയ-ബേരിക്കൽ കടപ്പുറം റോഡ്

6. ഉപ്പള ഗേറ്റ്-മുസ്സോദി അദിക്ക റോഡ്

7. കോയിപ്പാടി കടപ്പുറം-മോർഗാൽ ഫെറി റോഡ്

8. മടക്കര-ചീക്കോത്ത്-പള്ളിക്കണ്ടം റോഡ്

9. ഇരഞ്ഞിക്കൽ-ഓർക്കളം ഫിഷറീസ് റോഡ്

10. മുസ്സോദി അദിക്ക-ഉപ്പള റോഡ്

LIBRARY ARCHIVES Kerala Legislative Assembly